(ബി) പുതിയ കരാറിലെ വ്യവസ്ഥകൾ എന്തെല്ലാമാണ് ; വാങ്ങുന്ന വൈദ്യുതിയുടെ വിലയെത്ര?

ഉത്തരം

(എ) 31-10-2015-ൽ അവസാനിച്ചു. കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ 28-10-2015-ൽ OP No.34/2015-ൽ പുറപ്പെടുവിച്ച ഡെയ്‌ലി ഓർഡർ പ്രകാരം പ്രസ്തുത കരാർ 30-11-2015 വരെ നീട്ടാൻ അനുമതി നല്കിയിട്ടുണ്ട്.

(ബി) പുതിയ കരാർ ഒപ്പ് വച്ചിട്ടില്ല. വാങ്ങുന്ന വൈദ്യുതിയുടെ വിലയും മറ്റു നിബന്ധനകളും സംസ്ഥാന റെഗുലേറ്ററി കമ്മീഷന്റെ അന്തിമ വിധി അനുസരിച്ച് മാത്രമേ തീരുമാനിക്കാൻ സാധിക്കുകയുള്ളൂ.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി കമ്പനി ലിമിറ്റഡ്

29 (396) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി കമ്പനി ലിമിറ്റഡിന്റെ നിലവിലുള്ള ബാധ്യതകൾ ഇനംതിരിച്ച് വിശദമാക്കുമോ ; ഇവയിൽ ഈ സർക്കാരിന്റെ കാലയളവിൽ വന്നു ചേർന്ന ബാധ്യതകൾ എത്രയെന്ന് വിശദമാക്കുമോ ;

(ബി) വൈദ്യുതി ചാർജിനത്തിൽ പിരിച്ചെടുക്കാൻ കുടിശ്ശിക വരുത്തിയിട്ടുള്ള തുക എത്രയാണെന്നു വെളിപ്പെടുത്തുമോ ;

(സി) ഈ സർക്കാരിന്റെ കാലത്ത് വൈദ്യുതി ചാർജ്ജ് ഉൾപ്പെടെ എന്തെല്ലാം ഇനത്തിൽ എത്ര തവണ വർദ്ധനവ് വരുത്തിയിട്ടുണ്ടെന്നും ഓരോ വർദ്ധനവിലൂടെയും എത്ര കോടി അധിക വരുമാനം ഉണ്ടായിയെന്നും വിശദമാക്കുമോ ;

(ഡി) സംസ്ഥാനത്ത് നിലവിൽ ആവശ്യമായിട്ടുള്ള വൈദ്യുതിയുടെ എത്ര ശതമാനമാണ് കേന്ദ്രപൂളിൽ ലഭിക്കുന്നത് ; സ്വകാര്യ കമ്പനികളിൽ നിന്നും കൂടിയ നിരക്കിൽ വാങ്ങുന്നത് എത്ര ; ഇന്നത്തെ നിലയിൽ കണക്കാക്കുമ്പോൾ 2020-21 വർഷമാകുമ്പോൾ മേൽപ്പറഞ്ഞവ ഓരോന്നും എത്രയായി മാറും ; വസ്തുതകളുടെ അടിസ്ഥാനത്തിൽ വിശദീകരിക്കുമോ ?

ഉത്തരം

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ നിലവിലുള്ള (23-11-2015-ലെ) കടബാദ്ധ്യതകൾ താഴെ നൽകുന്നു:

LIBRARY ARCHIVES Kerala Legislative Assembly

ഓവർഡ്രാഫ്റ്റ്	1635.70 കോടി
ഹ്രസ്വകാല വായ്പ	2500.00 കോടി
മദ്ധ്യകാല വായ്പ	313.89 കോടി
ദീർഘകാല വായ്പ	1455.52 കോടി
ആകെ	5905.11 കോടി

ഈ സർക്കാർ അധികാരമേൽക്കുമ്പോൾ (31-3-2011-ലെ കണക്കു പ്രകാരം) കെ.എസ്.ഇ.ബി.-യുടെ കടബാദ്ധ്യത 1384.14 കോടി രൂപ ആയിരുന്നു. ഇപ്രകാരം ഈ സർക്കാരിന്റെ കാലയളവിൽ വന്നു ചേർന്ന ബാധ്യതകൾ 4520.97 കോടി രൂപ എന്ന് കണക്കാക്കാവുന്നതാണ്.

(ബി) 3009.2015-ലെ കണക്കുപ്രകാരം കടിശ്ശിക തുക 1961.57 കോടി രൂപയാണ്.

(സി) നിലവിലുള്ള സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മൂന്നു പ്രാവശ്യം വൈദ്യുതി ചാർജ് വർദ്ധിപ്പിച്ചിട്ടുണ്ട്. 1-7-2012 മുതലും, 1-5-2013 മുതലും 16-8-2014 മുതലുമാണ് വൈദ്യുതി ചാർജ് പരിഷ്കരിച്ചിട്ടുള്ളത്.

വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള (ഇലക്ട്രിക് പോസ്റ്റ് ആവശ്യമായതുൾപ്പെടെ) പരിഷ്കരിച്ച ചാർജ്ജുകൾ 1-4-2014 മുതൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈടാക്കി വരുന്നുണ്ട്.

വൈദ്യുതി ചാർജ്ജിനും, വൈദ്യുതി കണക്ഷൻ നൽകുന്നതിനും പുറമെ വൈദ്യുതി ബോർഡ് നൽകി വരുന്ന വിവിധ സേവനങ്ങൾക്കുള്ള ചാർജ്ജുകൾ, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അതിന്റെ 1-7-2015-ലെ ഉത്തരവിലൂടെ പരിഷ്കരിച്ചിട്ടുണ്ട്. ഇത് കെ.എസ്.ഇ.ബി. ലിമിറ്റഡിൽ 1-9-2015 മുതൽ നടപ്പിൽ വരുത്തിയിട്ടുണ്ട്.

2012-13 സാമ്പത്തിക വർഷം നടപ്പിലാക്കിയ താരിഫ് വർദ്ധനവിലൂടെ പ്രതിവർഷം 1257 കോടി രൂപയുടെയും 2013-14-ൽ 1-5-2013 മുതൽ നടപ്പിലാക്കിയ താരിഫ് പരിഷ്കരണത്തിലൂടെ പ്രതിവർഷം 642.47 കോടി രൂപയുടെയും 2014-15 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ താരിഫ് വർദ്ധനയിലൂടെ പ്രതിവർഷം 600 കോടി രൂപയുടെയും അധിക വരുമാനം കണക്കാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഏപ്രിൽ 2015 മുതൽ ഒക്ടോബർ 2015 വരെയുള്ള കാലയളവിൽ സംസ്ഥാനത്തിന് ലഭ്യമായിട്ടുള്ള കേന്ദ്ര വിഹിതം ആകെ ഉപയോഗത്തിന്റെ 49.26% ആണ്.

ഏപ്രിൽ 2015 മുതൽ ഒക്ടോബർ 2015 വരെയുള്ള കാലയളവിൽ വാങ്ങിയ വൈദ്യുതിയുടെ കണക്ക് വിവരങ്ങൾ (ദശലക്ഷം യൂണിറ്റിൽ) ചുവടെ ചേർക്കുന്നു:

മറ്റ് സ്രോതസ്സുകൾ	യൂണിറ്റ് ദശലക്ഷം	ശതമാനം
Kayamkulam	132.44	1.02%
BSES	5.27	0.04%
KPCL Testing	5.67	0.04%
STOA		
PTC Simhapuri	239.058	1.83%
JSW PTC	83.667	0.64%
PTC Balco STOA	2.295	0.02%
NVVN Case I	134.587	1.03%
TPCIL	21.182	0.16%
MTOA		
PTC/Balco	326.451	2.5%
NVVN	124.485	0.95%
Power Exchange	501.712	3.85%

2020-21-ലേക്ക് കണക്കാക്കപ്പെട്ടിട്ടുള്ള വൈദ്യുതി :

ഉപഭോഗം	29200 ദശലക്ഷം യൂണിറ്റ്
ജലവൈദ്യുതി	7200 ദശലക്ഷം യൂണിറ്റ്
കേന്ദ്ര വിഹിതം	12000 ദശലക്ഷം യൂണിറ്റ്
ദീർഘകാല കരാർ പ്രകാരം	7200 ദശലക്ഷം യൂണിറ്റ്
ഹ്രസ്വകാല കരാർ കായംകുളം ഉൾപ്പെടെ	2800 ദശലക്ഷം യൂണിറ്റ്

LIBRARY ARCHIVES Kerala Legislative Assembly